**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ബഡ്ജറ്റ് പ്രസംഗം 2016-17 - "ഗോത്രബന്ധു" പദ്ധതി അംഗീകരിച്ച് -ഉത്തരവാകുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ. ഉ. (സാധാ) നമ്പർ: 229/17/പജ.പവ.വിവ. തിരുവനന്തപുരം, തീയതി:24.01.2017

പരാമർശം: പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 27.12.2016-ലെ സി3-17219/14 നമ്പർ കത്ത്.

## ഉത്തരവ്

വയനാട് ജില്ലയിലെ പിന്നോക്ക ഗോത്ര വർഗ്ഗ വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നും 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം വിഭാവനം ചെയ്യുന്ന 'ഗോത്രബന്ധു പദ്ധതി' 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതി പ്രകാരം വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി (മെന്റർ ടീച്ചർ) നിയോഗിക്കുന്നതിനായി 4 കോടി രൂപ കോർപ്പസ് ഫണ്ടിൽ വകയിരുത്തിയിട്ടുണ്ടെന്നും പദ്ധതി നിർവഹണത്തിനായുള്ള പരാമർശ പ്രകാരം സമർപ്പിച്ച പ്രൊപ്പോസലിൽ തുടർ നടപടി സ്വീകരിക്കണമെന്നും ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ടി പ്രൊപ്പോസൽ വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ പിന്നോക്ക ഗോത്രവർഗ്ഗ വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നും 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം വിഭാവനം ചെയ്യുന്ന 'ഗോത്രബന്ധു' പദ്ധതി നിർവഹണത്തിനായി പരാമർശ പ്രകാരം പട്ടികവർഗ്ഗ വികസന ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. അംഗീകരിച്ച പ്രൊപ്പോസൽ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. അനുബന്ധത്തിൽ വിവരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് മെന്റർ ടീച്ചറെ തെരഞ്ഞെടുക്കേണ്ടതും അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വേണു.വി**

**പ്രിൻസിപ്പൽ സെക്രട്ടറി**

To,

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) / (ആഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

## "ഗോത്രബന്ധു പദ്ധതി"

വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകൾ ഉള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു ടീച്ചറെ നിയമിക്കൽ

വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരായി നിയമിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നും 1 മുതൽ 4-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

**മെന്റർ ടീച്ചർമാരുടെ തെരഞ്ഞെടുപ്പും നിയമനവും**

ബ്ലോക്ക് തലത്തിൽ ചുമതലപ്പെടുത്തുന്ന ഒരു സമിതിയ്ക്കായിരിക്കും പദ്ധതിയിലേക്ക് നിയോഗിക്കപ്പെടേണ്ട ആളുകളെ തെരഞ്ഞെടുക്കേണ്ട ചുമതല. ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, ഡയറ്റ് ഫാക്കൽറ്റി, എ.ഇ.ഒ, ബി.പി.ഒ, ബ്ലോക്ക് പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, വിദ്യാലയം സ്ഥിതി ചെയ്യുന്ന പഞ്ചായത്തിന്റെ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/പഞ്ചായത്ത് പ്രസിഡന്റ്, ഗോത്രവർഗ വിഭാഗത്തിലെ അധ്യാപകർ എന്നിവർ ആയിരിക്കും സമിതിയംഗങ്ങൾ.

പ്രസ്തുത സമിതി തെരഞ്ഞെടുക്കുന്ന അധ്യാപകരുടെ ബ്ലോക്ക് തല പട്ടിക പട്ടികവ വർഗ്ഗ വികസന വകുപ്പ് ജില്ലാവിദ്യാഭ്യാസ ഉപഡയറക്ടർക്ക് കൈമാറും. വിദ്യാഭ്യാസ ഉപഡയറക്ടർ സമിതി ശുപാർശ ചെയ്ത വിദ്യാലയത്തിലേക്ക് ഓരോ അധ്യാപകനെയും നിയോഗിക്കും. പ്രസ്തുത പട്ടിക, പട്ടിക വർഗ്ഗ വികസന വകുപ്പ്, ഡയറ്റ്, അതത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ. എസ്.എസ്.എ എന്നിവയ്ക്ക് കൈമാറും.

**മെന്റർ ടീച്ചറെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

**എ)** വിദ്യാലയം സ്ഥിതിചെയ്യുന്ന പ്രദേശത്തെ മുഖ്യ പിന്നാക്ക ഗോത്രവർഗം ഏതാണോ ആ വിഭാഗത്തിൽ നിന്നുമായിരിക്കണം തെരഞ്ഞെടുക്കേണ്ടത്. അത്തരത്തിൽ യോഗ്യരായവരെ ലഭ്യമല്ലെങ്കിൽ മറ്റു പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും പരിഗണിക്കുന്നതാണ്.

**ബി)** ടി.ടി.സി/ഡി.എഡ് യോഗ്യതയുണ്ടായിരിക്കണം. ഇവരുടെ അഭാവത്തിൽ ഡി.എഡ് കോഴ്സ് പൂർത്തിയാക്കിയവരെ പരിഗണിക്കാം. ഇവരും ഇല്ലാത്ത പക്ഷം എം.ജി.എൽ.സികളിൽ

പ്രവർത്തനപരിചയമുള്ളവരെയും ബി.എഡ് യോഗ്യതയുള്ളവരെയും പരിഗണിക്കാം. പ ഗോത്രവിഭാഗങ്ങളിൽ നിന്നും പ്ലസ് ടു പാസ്സായവരെയും ഉൾപ്പെടുത്താവുന്നതാണ്.

**സി)** ഗോത്രവർഗ്ഗ ഭാഷ സംസ്കാരം, ഗോത്രവർഗകലാരൂപങ്ങളിൽ പ്രാവീണ്യം എന്നിവ അധികയോഗ്യതയായി പരിഗണിക്കാവുന്നതാണ്.

**ഡി)** സാക്ഷരത/സർവേ ഇവയിലെ പരിചയം പരിഗണിക്കേണ്ടതാണ്.

**<u>മെന്റർ-ടീച്ചറിന്റെ പ്രധാന ചുമതലകൾ</u>**

ഗോത്രവർഗവിദ്യാർത്ഥികളെ വിദ്യാലയത്തിലെത്തിക്കുക, പഠനപ്രവർത്തന നിർവാഹണത്തിൽ ഒന്നാം ക്ലാസിലെ അധ്യാപികക്കൊപ്പം നിന്ന് ഗോത്രവർഗവിദ്യാർത്ഥികളെ സഹായിക്കുക, സ്കൂളിലെ മറ്റ വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുള്ള വേദിയൊരുക്കുക, സഹാധ്യാപകർക്ക് ഗോത്രവർഗ ഭാഷ, സാംസ്കാരം, ഗോത്ര വർഗകലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നിവ ഇവരുടെ പ്രവർത്തനമേഖലയിൽ വരുന്ന പ്രധാന ജോലിയായിരിക്കും. എന്നാൽ പ്രഥമാധ്യാപകരുടെയോ സഹാധ്യാപകരുടെയോ ക്ലാസിൽ പകരക്കാരനായി ഇവർ മാറാനോ ഇവരെ മാറ്റാനോ പാടില്ല. സ്കൂളും കോളനികളുമായുള്ള ആശയവിനിമയവും ഒരുമിച്ചുള്ള പ്രവർത്തനവും കോളനി കേന്ദ്രീകരിച്ചുള്ള പരിഹാരബോധന പ്രവർത്തനങ്ങളും മെൻർ-ടീച്ചറിന്റെ ചുമതലയിൽപ്പെടുന്നു.

**<u>മെന്റർ-ടീച്ചറുടെ ഒരു ദിവസത്തെ പ്രവർത്തനങ്ങൾ</u>**

മെന്റർ ടീച്ചറുടെ ഒരു ദിവസത്തെ ജോലി താഴെ പറയും വിധം ക്രമീകരിക്കാവുന്നതാണ്.

- രാവിലെ 9.30-ന് വിദ്യാലയത്തിലെത്തേണ്ട ഗോത്രവർഗ്ഗവിഭാഗത്തിലെ കുട്ടികളെ കോളനികളിൽ നിന്നു കൂട്ടി വിദ്യാലയത്തിലെത്തിക്കുന്നു.
- 9.30-10.00-സ്കൂൾ റൗണ്ട്സ് മുൻ സൂചിപ്പിച്ച വിഭാഗങ്ങളിൽപ്പെട്ട എല്ലാ കുട്ടികളും വിദ്യാലയത്തിൽ ഹാജരായിട്ടുണ്ടോ എന്നു പരിശോധിക്കുന്നു. വരാതിരിക്കുന്നതിനു കാരണങ്ങൾ അന്വേഷിക്കുന്നു. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും മനസിലാക്കുന്നു. പ്രഥമാധ്യാപകൻ, സഹാധ്യാപകൻ എന്നിവരുമായി ഈ വിഷയങ്ങൾ പങ്കിടുന്നു. വരാത്ത കുട്ടികളുമായി/കുട്ടികളുടെ രക്ഷിതാക്കളുമായി ഫോണിൽ ബന്ധപ്പെടുന്നു.
- 10.00-1.00 ഒന്നാം ക്ലാസിൽ അഡീഷണൽ ടീച്ചറായി ഇവർ പ്രവർത്തിക്കുന്നു. പഠന ബോധനപ്രക്രിയകളിലെ പ്രധാന മേഖലകളിലെ ടാസ്കുകൾ കുട്ടികൾക്ക് വ്യക്തമാക്കി കൊടുക്കൽ, അവരുടെ വാചിക പ്രതികരണങ്ങളെ പുറത്തെടുക്കൽ, ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ ആവശ്യമായ പിന്തുണ നൽകൽ, പാഠത്തിന്റെ സമാന്തര-സമാന പാഠങ്ങൾ ആവശ്യമെങ്കിൽ അവരുടെ ഭാഷയിൽ രൂപപ്പെടുത്തൽ, വായിച്ചുകൊടുക്കൽ എന്നിവ

ഇവരുടെ ചുമതലയാണ്. പഠനപ്രവർത്തനത്തെ കുട്ടിയുടെ അനുഭവ പരിസരവുമായി ബന്ധപ്പെടുത്താനും ഇവർ ശ്രദ്ധിക്കേണ്ടതാണ്.

- 1.00-2.00 ഉച്ചഭക്ഷണത്തിനുള്ള ഇടവേളയിൽ കുട്ടികളുടെ ആരോഗ്യകരമായ ഭക്ഷണ ശീലത്തിൽ പ്രത്യേകം ശ്രദ്ധ പതിക്കേണ്ടതാണ്. കൈയും വായും വൃത്തിയാക്കൽ, ഭക്ഷണത്തിനുള്ള പാത്രങ്ങൾ കഴുകിയിട്ടുണ്ടെന്നു ഉറപ്പു വരുത്തൽ, ഭക്ഷണം പുറത്തു പോകാതെ ശ്രദ്ധയോടെ കഴിക്കൽ, ശുചിയായ അന്തരീക്ഷം ഇക്കാര്യത്തിൽ ഉറപ്പു വരുത്തൽ എന്നിവ ഇവരുടെ ചുമതലയിൽപ്പെടുന്നു. ഇതിനു പുറമെ മറ്റു കുട്ടികൾ ഇവരോട് എങ്ങനെ പെരുമാറുന്നു, ഇവരുടെ മറ്റു കുട്ടികളുമായുള്ള ഇടപെടലുകൾ എന്നിവ നിരീക്ഷിക്കുകയും സാമൂഹീകരണത്തിനുള്ള വഴിയൊരുക്കുകയും വേണം. ഈ മേഖലയിൽ കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ, പ്രയാസങ്ങൾ, പരിമിതകൾ എന്നിവ കണ്ടെത്തുകയും രേഖപ്പെടുത്തുകയും സഹാധ്യാപകരുമായി ആലോചിച്ച് ഇവ പരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും വേണം.
- 2.00-3.00 വീണ്ടും ഒന്നാം ക്ലാസിലെത്തുകയും സഹാധ്യാപികയുമൊന്നിച്ച് പഠനബോധന പ്രക്രിയയിൽ ഇടപെടുകയും ചെയ്യുന്നു.
- 3.00-4.00 ക്ലാസ് ബാലസഭയ്ക്കുള്ള ഒരുക്കങ്ങൾ-ക്ലാസ് ബാലസഭ ഓരോ ക്ലാസിലും ആഴ്ചയിലൊരിക്കൽ നടക്കേണ്ടതാണ്. മാസത്തിലൊരിക്കൽ പൊതുബാലസഭയുമാകാം. ഓരോ ക്ലാസിലെയും ബാലസഭയ്ക്കുള്ള ആസൂത്രണങ്ങൾ എല്ലാ കുട്ടികൾക്കും പങ്കാളിത്തം വരും വിധം ആസൂത്രണം ചെയ്യേണ്ടതാണ്. ഗോത്ര കലാരൂപങ്ങൾ, പാട്ടുകൾ തുടങ്ങിയവ ഇത്തരത്തിൽ ആലോചിക്കപ്പെടേണ്ടതാണ്. സമസംഘങ്ങളുടെ രൂപീകരണം ഓരോ ക്ലാസിലും നടക്കണം. കളികൾ, രസകരമായ പ്രവർത്തനങ്ങൾ എന്നിവ ഇവരെ ഉൾപ്പെടുത്തി ആസൂത്രണം ചെയ്യണം.
- 4.00-5.00 സ്കൂളിൽ വരാത്ത കുട്ടികളുടെ ഭവനങ്ങൾ/കോളനികൾ സന്ദർശിക്കൽ, രക്ഷിതാക്കളെ പി.റ്റി.എയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് ഈ സമയത്ത് നടത്തേണ്ടത്.

## മെന്റർ-ടീച്ചർ സൂക്ഷിക്കേണ്ട രേഖകൾ

വിവിധ ക്ലാസുകളിൽ പഠിക്കുന്ന മുൻ സൂചിപ്പിച്ച വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പേര്, വിലാസം, ഫോൺ നമ്പർ, ഒന്നാം ക്ലാസിലെ ഓരോ കുട്ടിയുടെയും പോർട്ട് ഫോളിയോ/പഠനത്തെളിവുകൾ അടങ്ങിയത്, ടീച്ചിംഗ് മാന്വൽ, ഒന്നാം ക്ലാസിലെ ഓരോ കുട്ടിയുടെയും ആരോഗ്യവിവരമടക്കമുള്ള ക്യുമിലേറ്റീവ് റെക്കാർഡ് എന്നിവ മെന്റർ-ടീച്ചർ സൂക്ഷിക്കേണ്ടതാണ്.

## മെന്റർ-ടീച്ചർമാരുടെ പരിശീലനം

പരിശീലനത്തിന്റെ സമീപനവും ഉള്ളടക്കവും രീതികളും ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രവും (ഡയറ്റ്), പദ്ധതിക്കാവശ്യമായ ഫണ്ട് എസ്.എസ്.എ മുഖേനയും ലഭ്യമാക്കാവുന്നതാണ്.

## മെന്റർ ടീച്ചർമാരുടെ നിയമനത്തിൽ വിവിധ വകുപ്പുകളുടെ ചുമതലകൾ ഇപ്രകാരം ആകാവുന്നതാണ്

| വകുപ്പ് | ചുമതലകളും പ്രവർത്തനങ്ങളും |
|---|---|
| പട്ടികവർഗ്ഗ വകുപ്പ് | • പ്രാഥമിക വിവരശേഖരണം<br>• തെരഞ്ഞെടുപ്പ്<br>• പ്രവർത്തനഫലങ്ങൾ മോണിറ്റർ ചെയ്യൽ<br>• പ്രാഥമാധ്യാപകന്റെ റിപ്പോർട്ട് പ്രകാരം ശമ്പള വിതരണം |
| എസ്.എസ്.എ | • സ്കൂൾ കേന്ദ്രീകരിച്ച ഏതു വിഭാഗത്തിൽപ്പെട്ട ടീച്ചർ എന്ന് പ്രവചിക്കൽ<br>• ബ്ലോക്ക്തല/ക്ലസ്റ്റർതല പരിശീലനം നടത്തൽ<br>• ക്ലാസ് മോണിറ്ററിംഗ്<br>• കോളനികളോടു ചേർന്ന് പഠന വീടുകൾ സജ്ജമാക്കൽ<br>• പഠന-ബോധന സാമഗ്രികൾ വിതരണം ചെയ്യൽ |
| ഡയറ്റ് | • പരിശീലനം നൽകൽ<br>• പഠന-ബോധന സാമഗ്രികൾ വികസിപ്പിക്കൽ<br>• ക്ലാസ് മോണിറ്ററിംഗ്<br>• പദ്ധതിയുടെ അക്കാദമിക-സാമൂഹിക മാതൃകകൾ വിലയിരുത്തലും മെച്ചപ്പെടുത്തലും<br>• പദ്ധതിയുടെ ഇംപാക്റ്റ് വിലയിരുത്തൽ |
| വിദ്യാഭ്യാസ വകുപ്പ് | • മെന്റർ-ടീച്ചറെ നിയമിക്കൽ<br>• ക്ലാസ് മോണിറ്ററിംഗ്<br>• പ്രതിമാസം പ്രവർത്തനങ്ങളും പ്രവർത്തന ഫലങ്ങളും വിലയിരുത്തൽ |
| പ്രഥമാധ്യാപകൻ | • ക്ലാസ് മോണിറ്ററിംഗ്<br>• എസ്.ആർ.ജിയിൽ ഗോത്രവർഗ വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട പഠന പ്രശ്നങ്ങൾ, മറ്റു പ്രയാസങ്ങൾ എന്നിവ ചർച്ചക്കു വിധേയമാക്കൽ<br>• അവലോകനങ്ങൾ നടത്തൽ<br>• മെന്റർ-ടീച്ചറുടെ ഹാജർ വിവരങ്ങൾ യഥാസമയം പട്ടികവർഗ വകുപ്പിന് അയച്ചു കൊടുക്കൽ<br>• പി.ടി.എയിൽ അനുകൂല മനോഭാവം സംജാതമാക്കൽ |

| | |
|---|---|
| | • പഠന വീട്ടുകൾ, കോളനികൾ എന്നിവയുമായി ബന്ധപ്പെട്ട് വാർഡ് മെമ്പർ, പി.ടി.എ, സഹാധ്യാപകർ എന്നിവരുടെ യോഗങ്ങൾ, സന്ദർശനങ്ങൾ എന്നിവ സംഘടിപ്പിക്കൽ |